## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.847** **30.11.2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ എം.എസ്.സി., എം.കോം., എം.സി.എ. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (എ) | 12/07/2009 ലെ സ.ഉ. (പി) നം.50/2009/പജപവവിവ പ്രകാരം സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് സീറ്റിൽ പ്രൊഫഷണൽ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. മറ്റ് കോഴ്സുകളിൽ **2.50** ലക്ഷം രൂപയിൽ അധികരിയ്ക്കാതെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. |
| (ബി) | പാരലൽ കോളേജുകളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. +1 കോഴ്സിന് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ജില്ലകളിലെ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിച്ചില്ലായെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പാരലൽ ആയി പ്രൈവറ്റ് കേന്ദ്രങ്ങളിൽ പഠിക്കേണ്ടിവരികയാണെങ്കിൽ യൂണിവേഴ്സിറ്റി/ബോർഡ് പരീക്ഷാഫീസിന് പുറമേ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ട്യൂഷൻ ഫീസും അനുവദിക്കുന്നു. |
| (സി) | സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് നിലവിൽ നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും പോലെ അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട അർഹതയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സ.ഉ. (പി) നം.50/2009/പജപവവിവ പ്രകാരം സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ ട്യൂഷൻ ഫീസ് റീഇംപേഴ്സ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ അംഗീകരിച്ച നിരക്കിൽ ലംപ്സംഗ്രാന്റും, ട്യൂഷൻ ഫീസും, സ്പെഷ്യൽ ഫീസും അനുവദിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**